# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.15/1415/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/09/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2.ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ കെടിഎം പി.15/1415/2023 തീയ്യതി: 15/09/2023

## കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു സി ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 02-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 02-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിത രതീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഫൈസൽ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അംബിക എൽ | സിഡിപിഒ | 01-04-2022 | 31-03-2023 |
| അജി പി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സീന എം ഇസ്മയിൽ | മെഡിക്കൽ ഓഫീസർ,FHC | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | മുണ്ടക്കയം | | |
| ഡോ. റീബി തോമസ് | മെഡിക്കൽ ഓഫീസർ,CHC കൂട്ടിക്കൽ | 01-04-2022 | 30-04-2022 |
| ഡോ രഞ്ജിനി ജോൺസൺ | മെഡിക്കൽ ഓഫീസർ,CHC കൂട്ടിക്കൽ | 01-05-2022 | 14-10-2022 |
| ഡോ വിദ്യമോഹൻ | മെഡിക്കൽ ഓഫീസർ,CHC കൂട്ടിക്കൽ | 15-10-2022 | 31-03-2023 |
| ഡോ മുഹമ്മദ് ജിജി | മെഡിക്കൽ ഓഫീസർ,CHC കൂട്ടിക്കൽ | 01-04-2022 | 31-03-2023 |
| അനീഷ് വി നായർ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| അനിത എ വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 30-09-2022 |
| കിഷോർ കുമാർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-10-2022 | 31-03-2023 |
| ഡോ ബിനു ഗോപിനാഥ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ജിസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-01-2023 |
| അനുകുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-01-2023 | 31-03-2023 |
| ഫൈസൽ കെകെ | ഐ ഇ ഓ | 01-04-2022 | 31-03-2023 |
| സബിത എസ് | AExE | 01-04-2022 | 31-03-2023 |
| ഷെറിൻ അമ്പിളി ജയിംസ് | AE | 01-04-2022 | 25-01-2023 |
| ശ്രീന എസ് | AE | 26-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ട് -വരവിൽ കൂടുതൽ ചെലവ് | 1-1-1 |
| 3 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-2 |
| 4 | ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ അടിസ്ഥാന രേഖകളില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-7 |
| 9 | മരുന്നു വാങ്ങൽ പ്രോജക്ടുകളുടെ ചെലവ് മെയിന്റനൻസ് ചെലവായി അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 17 | കാഷ് വേരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | പഞ്ചായത്ത് വാഹനം -ആക്സിഡന്റിനെ തുടർന്നുണ്ടായ മെയിന്റനൻസ് ചാർജ്ജ് - ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ചുമത്തിയ ബാധ്യതാ തുക ഡ്രൈവറിൽ നിന്നും ഈടാക്കിയില്ല | 1-11 |
| 21 | ആവശ്യകതാ നിർണ്ണയം നടത്താതെ മുൻവർഷങ്ങളിൽ ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1.16 കോടി രൂപയിൽ 74.01ലക്ഷം രൂപ മുടങ്ങി കിടക്കുന്നു | 1-12 |
| 22 | `ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-13 |
| 23 | പഠനമുറി -മുൻകൂർ ഗഡു കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-14 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | 1-15 |
| 25 | തനത് ഫണ്ട് വിഹിതം ചെലവുകൾ -സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-16 |
| 26 | വസ്ത്രഗ്രാമം - വാടക കുടിശ്ശികഒഴിവാക്കി നല്കുന്നത് -തുടർ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 27 | ടെണ്ടർ എക്സസ് നല്കിയതിൽ ഇരട്ടിപ്പ്- ബ്ലോക്ക് പഞ്ചായത്തിന് 46328/- രൂപയുടെ അധികച്ചെലവ് | 1-18 |
| 28 | എക്സ് റേ യൂണിറ്റ് സ്ഥാപിക്കൽ ,പ്രോജക്ട് ഫലപ്രദമാക്കുന്നതിന് അടിയന്തിര നടപടികൾ അനിവാര്യം | 1-19 |

| | | |
|---|---|---|
| 29 | HMC ഫണ്ട് സ്വരൂപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി ആധികാരികമല്ലാത്ത ക്ലെയിമുകൾക്കായി റോഡിതരമെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു | 1-20 |
| 30 | കുടിവെള്ള പദ്ധതിക്ക് ഗുണനിലവാരം കുറഞ്ഞ HDപൈപ്പ് ഉപയോഗിച്ചു | 1-21 |
| 31 | ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് കെട്ടിട നിർമ്മാണം | 1-22 |
| 32 | മരാമത്ത് പ്രവൃത്തി ഫൈൻ ഈടാക്കിയതിൽ കുറവ് | 1-23 |
| 33 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ ക്രമവിരുദ്ധമായി സൂക്ഷിക്കുന്നു | 1-24 |
| ഭാഗം **2** | | |
| 1 | പഞ്ചായത്ത് വാഹനം -ആക്സിഡന്റിനെ തുടർന്നുണ്ടായ മെയിന്റനൻസ് ചാർജ്ജ് - ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ചുമത്തിയ ബാധ്യതാ തുക ഡ്രൈവറിൽ നിന്നും ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | ടെണ്ടർ എക്സസ് നല്കിയതിൽ ഇരട്ടിപ്പ്- ബ്ലോക്ക് പഞ്ചായത്തിന് 46328/- രൂപയുടെ അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക -ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1.കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/06/2023 തീയതിയിലെ 3(1) തീരുമാനം പ്രകാരം അംഗീകരിച്ച് 11.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ട് -വരവിൽ കൂടുതൽ ചെലവ്

മുൻകാല അക്കൗണ്ടിംഗിലെ അപാകത മൂലം പഞ്ചായത്ത് ജനറൽ ഫണ്ടിൽ 2.27 കോടി രൂപ വരവിൽ അധികം ചെലവാണ് കാണുന്നത്. പഞ്ചായത്ത് ജനറൽ ഫണ്ട് -7566029 രൂപയാണ്.

### 1-1-2 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-3 ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ അടിസ്ഥാന രേഖകളില്ല

31/03/2023 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

### 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ (B4 ഷെഡ്യൂൾ) മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-5 വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാടക രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ, കുടിശിക എന്നിവ ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാടക ഡിമാന്റ് രജിസ്റ്ററിലെ ഓരോ കെട്ടിടങ്ങളുടെയും വാടക കണക്കുകൾ തയ്യാറാക്കി ക്ലോസ് ചെയ്തിട്ടില്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-7 Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല.

1-1-8 മരുന്നു വാങ്ങൽ പ്രോജക്ടുകളുടെ ചെലവ് മെയിന്റനൻസ് ചെലവായി അക്കൗണ്ട് ചെയ്തു

മരുന്നു വാങ്ങൽ പ്രോജക്ടുകളുടെ ചെലവ് മെയിന്റനൻസ് ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തത്. പ്രോജക്ട് നം.134/23 പ്രകാരമുള്ള 418879 രൂപയും 177/23 പ്രകാരമുള്ള 7ലക്ഷം ഉൾപ്പെടെ 1118879 രൂപയുടെ ചെലവ് 255201699 മെയിന്റനൻസ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

1-1-9 Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല

13646/- രൂപ (ഷെഡ്യൂൾ I-18) Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27/03/2022 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സംക്ഷിപ്തം |
|---|---|
| മുന്നിരിപ്പ് | 17625539/- |
| വരവ് | 481840853/- |
| ആകെ | 499466392/- |
| ചെലവ് | 499421500/- |
| നീക്കിയിരിപ്പ് | 44892/- |

ബജറ്റ് പ്രകാരം 49.94കോടി രൂപയുടെ പ്രതീക്ഷിത വരവും 49.94 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. എം.പി./എം.എൽ.എ. ഫണ്ട്, ഗ്രാമപഞ്ചായത്തുകൾക്കുള്ള തൊഴിലുറപ്പ് പദ്ധതി വിഹിതം തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിലുൾപ്പെടാത്ത ഫണ്ടുകളുൾപ്പടെയുള്ള ബജറ്റിൽ കണക്കാക്കിയിരിക്കുന്നതിനാൽ ധനകാര്യ പത്രികയിലെ കണക്കുമായി താരതമ്യം സാധ്യമല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള കൃത്യമായ റിക്വസിഷന്റെ അടിസ്ഥാനത്തിലല്ല 2022-23 ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഉദാഹരണമായി പ്രധാനപ്പെട്ട ഘടക സ്ഥാപനങ്ങളായ ആശുപത്രികൾക്ക് റവന്യൂ ചെലവുകൾക്കായി വകയിരുത്തിയ തുകയിൽ നിന്നും 1999-2000 മുതലുള്ള തുകകൾ റീപ്പ് ചെയ്തിട്ടുണ്ട്. ബജറ്റ് വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള കൃത്യമായ റിക്വസിഷന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 17565013 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 103342747 |
| ആകെ | 120907760 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107507952 |
| നീക്കിയിരിപ്പ് | 13399808 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 101633954.0 |
| ആകെ ചെലവ് | 87602540.0 |
| വരുമാനമിച്ചം | 14031414.00 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 13646.00 |
| അറ്റ വരുമാന മിച്ചം | 14017768 |

ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 106522 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 46328 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25415527 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 00 | 37364000 | 37364000 | 36479036 | 884964 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 00 | 22100000 | 22100000 | 19335025 | 2764975 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 00 | 2856000 | 2856000 | 2159689 | 696311 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 00 | 9925000 | 9925000 | 9925000 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 6834161 | 6834161 | 6042082 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ACR പ്രകാരം) | | 11295068 | 11295068 | 12409143 | |
| ഹെൽത്ത് ഗ്രാന്റ് | 00 | 2550000+41473(പലിശ) | 2591473 | 585415 | 2006058 |
| ജില്ലാപഞ്ചായത്ത് വിഹിതം | 00 | 2198000 | 2198000 | 2198000 | 00 |
| ഗ്രാമപഞ്ചായത്തുകളിൽ നിന്ന് സംയോജിത | 00 | 1060573 | 1060573 | 1060573 | 00 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതികൾക്ക് ലഭിച്ച തുക | | | | | | |

വാർഷികകണക്ക് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് സംയോജിത പദ്ധതികൾക്ക് ലഭിച്ച തുക വാർഷികകണക്ക് പ്രകാരം 860573/- രൂപ എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 1060573/- രൂപയാണ്.

1-5 പദ്ധതി അവലോകനം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണം | 22.12.21 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 17.3.22, 16.12.22,6.1.23 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 9.11.22,12.1.23 |
| വികസന സെമിനാർ | 6.1.23 |

2022-23 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 7 | 7 | 5926522 | 5736522 | 96.7 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 50 | 33 | 73692531 | 29871968 | 40.5 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1325000 | 1174665 | 88.6 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 12 | 11 | 9254922 | 8732950 | 94.3 |
| പട്ടികജാതി വികസനഓഫീസർ | 4 | 4 | 8025000 | 7652564 | 95.3 |
| അസി.ഡയറക്ടർ(കൃഷി) | 4 | 3 | 1521900 | 900000 | 59.1 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7 | 6 | 5823290 | 3738820 | 64.2 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 5 | 3159667 | 1745910 | 55.2 |
| അസി.എഞ്ചിനീയർ | 104 | 75 | 53076725 | 31574003 | 59.4 |
| ആകെ | 198 | 147 | 161805557 | 91127402 | 56.3 |

വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ 56.3%തുക തൻവർഷം ചെലവഴിച്ചു. വികസനഫണ്ട് (ജനറൽ) 97.6%, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 100%ചെലവഴിയ്ക്കാൻ സാധിച്ചു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ അസി.എഞ്ചിനീയറും, സെക്രട്ടറിയും പ്രോജക്ട് നിർവ്വഹണത്തിൽ പിന്നോക്കം പോയിട്ടുണ്ട്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന പ്രോജക്ടുകളിൽ104 എണ്ണത്തിൽ 75 എണ്ണം മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 50 പ്രോജക്ടുകളിൽ 33എണ്ണം പൂർത്തിയാക്കി. 2017-18 മുതൽ 20-21വരെ ഭൂജല വകുപ്പിൽ നിക്ഷേപിച്ച 74 ലക്ഷത്തിലധികം തുക ഭൂജലവകുപ്പിൽ നിഷ്ക്രിയമായി കിടക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരക്കാലയളവിൽ കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് യോഗം 22.12.2021 ൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ വികസന സമീപനം തരിശുഭൂമിയില്ലാത്ത പ്രദേശമായി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മാറ്റുക എന്നതാണ്. ലഭ്യമായ കൃഷി ഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, പുതുതലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. മൃഗസംരക്ഷണ രംഗത്ത്14-ാം പദ്ധതിക്കാലത്ത്

സ്വയം പര്യാപ്തതയിലെത്തുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ലക്ഷ്യം. വർദ്ധിച്ചു വരുന്ന ജനസംഖ്യയും, ഉപഭോഗസംസ്കാരവും മൂലം മാലിന്യ പ്രശ്നങ്ങൾ അധികരിക്കുകയും ചെയ്തപ്പോൾ നൂതനരീതിയിലുള്ള ഖരദ്രവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റാസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല -43ലക്ഷത്തിലധികം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസി.എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് പ്രോജക്ടുകൾ പൂർണ്ണമായും തൻവർഷം നടപ്പാക്കാനായില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 104 പ്രോജക്ടുകളിൽ 75 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 4346250/- രൂപയുടെ പദ്ധതിതുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 884964 |
| എസ് സിപി | 2764975 |
| ടി എസ് പി | 696311 |
| ആകെ | 4346250 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2022-23 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച മുൻകൂർ ക്രമീകരിക്കുന്നതിനു വേണ്ടിയാണ് MGNREGS ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് മുഖേന വിതരണം ചെയ്ത വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിവരം

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 കാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.7.203തീയതിയിൽ 3.15 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം കളക്ഷൻ ലഭ്യമായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക

കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. തൻവർഷം വികസനഫണ്ട് (ജനറൽ) 97.6%, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 100% തുക ചെലവഴിയ്ക്കാൻ സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് കാലയളവിലെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എന്നാൽ എരുമേലി സിഎച്ച്സി യിൽ നിന്നുള്ള ആധികാരികമല്ലാത്ത ക്ലെയിമുകൾ പ്രകാരം തുക റീഇംപേഴ്സ് ചെയ്ത് നൽകിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.05.2023-31.05.2023 | 2018-19 മുതൽ 2022-23 വരെ | ഓഡിറ്റ്-1/എ.എം.ജി-1/(എച്ച്.ക്യൂ)III/II/സി13/ബി.പി/8എ-13/2023-24/06 തീയതി. 20.07.2023 |
| പെർഫോർമൻസ് ഓഡിറ്റ് | 10.07.2023-22.07.2023 | 2021-22 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 1-11 പഞ്ചായത്ത് വാഹനം -ആക്സിഡന്റിനെ തുടർന്നുണ്ടായ മെയിന്റനൻസ് ചാർജ്ജ് - ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ചുമത്തിയ ബാധ്യതാ തുക ഡ്രൈവറിൽ നിന്നും ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് (KL 34-8726 മഹേന്ദ്ര ബൊലേറോ) 9.2.22ൽ കരിനിലം ഭാഗത്തു വെച്ച് അപകടം ഉണ്ടായിട്ടുള്ളതാണ്. അപകടത്തെ തുടർന്ന് മുണ്ടക്കയം പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഡ്രൈവർക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ടി വാഹനം റിപ്പയർ ചെയ്യുന്നതിനായി അപകടസ്ഥലത്തു നിന്നും വാഹനം ക്രെയിൻ ഉപയോഗിച്ച് വർക്ക് ഷോ പ്പിലേക്ക് കൊണ്ടുപോയ ചെലവിനത്തിൽ 8000 രൂപയും അറ്റകുറ്റപ്പണികൾക്കായി 62214 രൂപയും എഞ്ചിൻ തകരാറുകൾ പരിഹരിക്കുന്നതിനായി 36308 രൂപയും ഉൾപ്പെടെ 106522 രൂപ ചെലവ് വന്നിട്ടുണ്ട്. വാഹനാപകടവേളയിൽ ഡ്രൈവർ ശ്രീ.വിജയകുമാർ മദ്യപിച്ചിരുന്നതായി പോലീസ് FIR ൽ പരാമർശിച്ചിട്ടുള്ളതായി അറിയുന്നു. ഇക്കാരണത്താൽ വാഹനത്തിന് ഇൻഷുറൻസ് ക്ലെയിം തുക ലഭ്യമാകില്ല എന്ന് ഇൻഷുറൻസ് കമ്പനി അറിയിച്ച സാഹചര്യത്തിൽ ചെലവായ തുക താത്കാലികമായി തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5.7.22 ലെ 6(3) നം തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതു പ്രകാരം 106522 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. (ചെക്ക് നം.JF6807426/16.7.22 , JF6807439/12.9.22 )

അപകട വേളയിൽ ഡ്രൈവർ മദ്യപിച്ചിരുന്നതിനാൽ ടിയാൻ ഇതുമായി ബന്ധപ്പെട്ട അധിക ചെലവുകൾക്ക് ബാധ്യതപ്പെട്ടിരിക്കുന്നതിനാലാണ് അടിയന്തിരാവശ്യം പരിഗണിച്ച് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താത്കാലികമായി മാത്രം ചെലവഴിച്ചതെന്ന് വ്യക്തമാണ്. ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 106522രൂപ ഡ്രൈവർ ശ്രീ.വിജയകുമാറിൽ നിന്നും തിരികെ ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം1/27.7.23) ടി തുക പ്രസ്തുത ഡ്രൈവറിൽ നിന്നും ഈടാക്കുന്നതിന് 25.10.22 ൽ ജില്ലാ ഓഫീസർ മുഖാന്തിരം പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നല്കുകയും 22.7.23 ൽ ജോയിന്റ് ഡയറക്ടർക്ക് ഓർമ്മക്കുറിപ്പ് നല്കിയതായും മറുപടി നല്കി. ഡ്രൈവർ മദ്യപിച്ച് വാഹനം ഓടിച്ച് അപകടം സംഭവിച്ചതിനാൽ വാഹനത്തിന് ഇൻഷുറൻസ് തുക ലഭ്യമാകാത്ത സാഹചര്യത്തിൽ വാഹനത്തിന്റെ മെയിന്റനൻസിനായി തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി ചെലവഴിച്ച ടി തുക ടിയാന്റെ ബാധ്യതയാണ്. ആയതിനാൽ 106522 രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ആവശ്യകതാ നിർണ്ണയം നടത്താതെ മുൻവർഷങ്ങളിൽ ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1.16 കോടി രൂപയിൽ 74.01ലക്ഷം രൂപ മുടങ്ങി കിടക്കുന്നു

പ്രധാന നിരീക്ഷണങ്ങൾ

2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഭൂജലവകുപ്പിൽ നിക്ഷേപിച്ചത് 11,660,000/- രൂപ

• ഭൂജലവകുപ്പിന്റെ റിപ്പോർട്ട് /മൂല്യനിർണ്ണയം പ്രകാരം നാളിതുവരെ വിനിയോഗിച്ചത് 4,258,212/- രൂപ മാത്രം

• ജനങ്ങൾക്ക് പ്രയോജനപ്പെടാതെ മുടങ്ങികിടക്കുന്നത് 7,401,788/ - (63.48%)

• ഭൂജലവകുപ്പ് ഏറ്റെടുത്ത് പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തിയതിൽ പല പദ്ധതികളും പ്രയോജനകരമായിട്ടില്ല

• ആവശ്യാധിഷ്ഠിതമല്ലാതെയും പരസ്പരധാരണ കൂടാതെയും നിക്ഷേപിച്ച തുകകൾ യഥാവിധി വരവ് വെച്ചതിന്റെയും പ്രോജക്ടുകൾ തിരിച്ച് വിനിയോഗിച്ചതിന്റെയും കണക്കെടുപ്പ് സങ്കീർണ്ണം .

• മോണിറ്ററിങ്ങ് സാധ്യമാകുന്നില്ല/ജനകീയ ഓഡിറ്റ്. അതാത് വർഷങ്ങളിൽ പദ്ധതി ചെലവായി കണക്കാക്കിയ തുകയുടെ സിംഹഭാഗവും ഭൂജലവകുപ്പിന്റെ അക്കൗണ്ടിൽ വർഷങ്ങളോളം മുടങ്ങികിടക്കുന്നു.

• ഭൂജല വകുപ്പിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതില്ലായെന്നും മറ്റ് കുടിവെള്ള പദ്ധതികൾക്കായി വകമാറ്റാമെന്നും സർക്കാർ അനുമതി കൂടാതെ തീരുമാനിച്ച നടപടി ക്രമപ്രകാരമല്ല.

ഓഡിറ്റ് നിരീക്ഷണം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ഭൂജല വകുപ്പിൽ നിക്ഷേപിച്ച 11,660,000/- രൂപയിൽ 7,401,788/- രൂപ ഓഡിറ്റ് തീയതിയിലും വിനിയോഗിക്കാതെ പ്രസ്തുത വകുപ്പിന്റെ അക്കൗണ്ടിൽ മുടങ്ങികിടക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിക്ഷേപിച്ച തുക | ഭൂജലവകുപ്പിൽ വിനിയോഗിച്ച തുക | മുടങ്ങികിടക്കുന്ന തുക |
|---|---|---|---|
| 2017-18 | 7,600,000 | 3,401,234 | 4,198,766 |
| 2018-19 | 1,200,000 | 757,518 | 442,482 |
| 2019-20 | 375,000 | ഇല്ല | 375,000 |
| 2020-21 | 2,485,000 | 99,460 | 2,385,540 |
| ആകെ | 11,660,000 | 4,258,212 | 7,401,788 |

വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതിചെലവ് ശതമാനം ഉയർത്തിക്കാട്ടുക എന്ന സാമ്പത്തിക ലക്ഷ്യം മാത്രമാണ് ഇപ്രകാരമുള്ള നിക്ഷേപത്തിലൂടെ കൈവരിക്കാനായത്. തികച്ചും ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് വ്യവസ്ഥാപിതമായി ഉയർന്ന് വന്ന പ്രോജക്ട് നിർദ്ദേശങ്ങൾ പ്രകാരം ഓരോ പ്രവൃത്തിയുടെയും കൃത്യമായ മതിപ്പ് (Estimate) കണക്കാക്കി ആവശ്യാധിഷ്ഠിതമായി മാത്രം തുക നിക്ഷേപിച്ചിരുന്നുവെങ്കിൽ ഇപ്രകാരമൊരു സാഹചര്യം സംജാതമാകുമായിരുന്നില്ല. നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ഭൂജല വകുപ്പിനെ ബോധ്യപ്പെടുത്തി സമയബന്ധിതമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിലും ശരിയായ മോണിറ്ററിങ്ങിലൂടെ ഭൗതികനേട്ടം കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിലും ബ്ലോക്ക് പഞ്ചായത്തധികൃതർ ഗൗരവമായ വീഴ്ച വരുത്തി. ഇത് സംബന്ധമായി സംയുക്തയോഗം ചേർന്ന് വിശദാംശങ്ങൾ അപഗ്രഥിക്കുന്നതിനും ന്യൂനതാ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം നടപടികൾ സ്വീകരിച്ചില്ല. 04.11.2022ൽ ചേർന്ന സംയുക്ത യോഗത്തിന്റെ മിനിട്ട്സും മറ്റ് കത്തിടപാടുകളും പരിശോധിച്ചതിൽ ഇപ്രകാരം ഗണ്യമായ തുക നിക്ഷേപിക്കുന്നതിന്റെ ആവശ്യകത/കൃത്യത സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്കും നിക്ഷേപിക്കപ്പെട്ട തുകയുടെ വിനിമയം/വിനിയോഗം സംബന്ധിച്ച് ഭൂജല വകുപ്പിനും

മതിയായ മുൻധാരണ ഉണ്ടായിരുന്നില്ലയെന്ന് വ്യക്തമാകുന്നു. മേൽ പരാമർശിച്ചിട്ടുള്ള മിനിട്ട്സിൽ താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

"ഭൂജല വകുപ്പ് കോട്ടയം ജില്ലാ ഓഫീസിൽ രണ്ട് അക്കൗണ്ടുകളാണ് നിലവിലുള്ളത്. (1) ട്രഷറി അക്കൗണ്ട്, (2) യൂണിയൻ ബാങ്ക് അക്കൗണ്ട്. മേൽ പറഞ്ഞ ബാങ്ക് അക്കൗണ്ടുകളിൽ കോട്ടയം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ വിവിധ പദ്ധതികൾക്കായി തുകകൾ നിക്ഷേപിക്കപ്പെടുന്നുണ്ട്. ആയതിനാൽ പ്രസ്തുത തുകകളിൽ നിന്നും മേൽ പറഞ്ഞ പദ്ധതി തുകയിൽ വ്യക്തത വരുത്തണമെങ്കിൽ ബ്ലോക്കിലെ പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് നം., തുക അടവാക്കിയ വിശദാംശങ്ങൾ, എവിടെയാണ് വർക്കുകൾ നടത്തേണ്ടതെന്ന കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് ജില്ലാ ആഫീസർ അറിയിച്ചു. പ്രസ്തുത യോഗത്തിൽ വിഷയം വിശദമായി ചർച്ച ചെയ്യുകയും മേൽ പറഞ്ഞ പദ്ധതികളുടെ തുക ഒടുക്കിയതിന്റെ വിശദവിവരങ്ങൾ, കുഴൽ കിണർ നിർമ്മാണം നടത്തേണ്ട സ്ഥലങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക് മെമ്പർമാരുടെ ഫോൺ നമ്പർ ഉൾപ്പെടെ നൽകാമെന്ന് സമ്മതിക്കുകയും പ്രസ്തുത രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് യോഗത്തെ അറിയിച്ചു".

ശരിയായ പ്രക്രിയയിലൂടെ (Due Process) അല്ല ഈ മേഖലയിലെ പ്രോജക്ട് രൂപീകരണവും നിർവ്വഹണവും നടക്കുന്നതെന്ന് മിനിട്ട്സിലെ മേൽ സൂചിപ്പിച്ച വാചകങ്ങൾ വ്യക്തമായി വെളിപ്പെടുത്തുന്നു. ഭൂജല വകുപ്പ് കത്തിലൂടെ അറിയിച്ചിട്ടുള്ള ചെലവ് വിവരങ്ങളുടെ വിശദാംശങ്ങൾ (മൂല്യനിർണ്ണയ വിവരം ഉൾപ്പെടെ) ബ്ലോക്ക് പഞ്ചായത്തിധികൃതർ ആവശ്യപ്പെട്ടിട്ടില്ല. ആയതിനാൽ വകുപ്പ് അറിയിച്ചിട്ടുള്ള ചെലവ് വിവരങ്ങളിൽ പ്രവൃത്തിയുടെ നേരിട്ടുള്ള വർക്കിങ് ചാർജിന് ഉപരിയായി സെന്റേജ് ഉൾപ്പെടെയുള്ള മറ്റ് ചാർജുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിവിധ ഡിവിഷനുകളിലെ നിശ്ചിത ലൊക്കേഷനുകളിൽ കുഴൽ കിണർ കുഴിച്ചതിന് ശേഷം മിച്ചം വന്നിട്ടുള്ള തുകകൾ (Savings) സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമസഭയുടേയും വികസന സെമിനാറിന്റേയും വർക്കിങ് ഗ്രൂപ്പിന്റേയും പരിഗണനയ്ക്കും നിർദ്ദേശത്തിനും വിധേയമാക്കാതെ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗവും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയും പ്രസ്തുത തുക ഇതേ മേഖലയിലെ മറ്റ് ചില പദ്ധതികൾക്കായി വകമാറ്റാൻ തീരുമാനിച്ച് ഇതിനുള്ള നിർദ്ദേശം നൽകിയിരിക്കുന്നു. സർക്കാർ അനുമതി കൂടാതെ ഇപ്രകാരം തീരുമാനം കൈക്കൊണ്ട നടപടി ക്രമപ്രകാരമല്ല. പ്രോജക്ട് തിരിച്ചുള്ള ചില വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | നിക്ഷേപ തുകയുടെ വിനിയോഗം | ഫലപ്രാപ്തി | സംയുക്ത യോഗ തീരുമാനം |
|---|---|---|---|---|
| 1) | മുണ്ടക്കയം ജനമൈത്രി പോലീസ് സ്റ്റേഷന് സമീപം കുഴൽ കിണർ അനുബന്ധ പ്രവൃത്തികൾ (2020-21) | 110,000/- രൂപ നിക്ഷേപിച്ചതിൽ 44,815/- രൂപ വിനിയോഗിച്ച് കുഴൽ കിണർ നിർമ്മിച്ചു. അനുബന്ധ സംവിധാനം ക്രമീകരിച്ചു. | ഉപയോഗക്ഷമത വ്യക്തമല്ല. | ബാക്കിയുള്ള 65,165/- രൂപ തിരികെ ഒടുക്കേണ്ടതില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ നിർദ്ദേശിക്കുന്ന പുതിയ കുടിവെള്ള സംവിധാനം നടപ്പിലാക്കാം |
| 2) | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ (2018-19) | 1,200,000/- രൂപ നിക്ഷേപിച്ചതിൽ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ച് അനുബന്ധ സംവിധാനം ഘടിപ്പിക്കുന്നതിനായി 757,518/- രൂപ വിനിയോഗിച്ചു. | എരുമേലി, ചേനപ്പാടി, പൊന്തൻപുഴ, മണിമല, മണ്ണാറക്കയം എന്നീ ഡിവിഷനുകളിലായി വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ കുഴിച്ചു. ജല ലഭ്യതയിൽ ഏറ്റക്കുറച്ചിൽ, | ബാക്കിയുള്ള 442,482/- രൂപ തിരികെ ഒടുക്കേണ്ടതില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ നിർദ്ദേശിക്കുന്ന പുതിയ കുടിവെള്ള സംവിധാനം നടപ്പിലാക്കാം |

| | | | | |
|---|---|---|---|---|
| | | | ചിലതിൽ ജല ലഭ്യതയില്ല. | |
| 3) | വിവിധ പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും കുഴൽ കിണർ (2017-18) | 7,600,000/- രൂപ നിക്ഷേപിച്ചതിൽ കുഴൽ കിണർ കുഴിച്ച് അനുബന്ധ സംവിധാനം ഘടിപ്പിക്കുന്നതിനായി 3,401,234/- രൂപ വിനിയോഗിച്ചു | ആനക്കല്ല്, കാഞ്ഞിരപ്പള്ളി, ചോറ്റി, പാറത്തോട്, മുണ്ടക്കയം, വണ്ടൻപതാൽ, പുഞ്ചവയൽ, കോരുത്തോട്, മുക്കൂട്ടുതറ എന്നീ ഡിവിഷനുകളിലായി വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ കുഴിച്ചു. ജല ലഭ്യതയിൽ ഏറ്റക്കുറച്ചിൽ, ചിലതിൽ ജല ലഭ്യതയില്ല. | ബാക്കിയുള്ള 4,198,766/- രൂപ തിരികെ ഒടുക്കേണ്ടതില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ നിർദ്ദേശിക്കുന്ന പുതിയ കുടിവെള്ള സംവിധാനം നടപ്പിലാക്കാം |
| 4) | വനിതാ തൊഴിൽ പരിശീലനകേന്ദ്രം - കുഴൽകിണർ (2017-18) | 500,000/- രൂപ നിക്ഷേപിച്ചതിൽ 459,065/- രൂപ നീക്കിയിരിപ്പുണ്ട്. | നിലവിലുള്ള കുഴൽ കിണറിൽ പമ്പ് അഴിച്ച് മാറ്റി പരിശോധന നടത്തി. ജല ലഭ്യത ഇല്ല. | മിച്ചമുള്ള 459.065/- രൂപ മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാൻ കമ്മറ്റി തീരുമാനം വേണം. അല്ലാത്തപക്ഷം തിരികെ ഒടുക്കാൻ അക്കൗണ്ട് വിവരം ലഭ്യമാക്കണം. |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 2019-20 വർഷം വണ്ടൻപതാൽ/ കൂട്ടിക്കൽ/കാഞ്ഞിരപ്പള്ളി ഡിവിഷനുകളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 375,000/- രൂപയും 2020-21 വർഷം വണ്ടൻപതാൽ എസ്.റ്റി.കോളനികളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 150,000/- രൂപയും ആലംപരപ്പ് എസ്.സി. വനിതാ സംസ്കാരിക നിലയത്തിന് സമീപം കുഴൽ കിണർ നിർമ്മാണത്തിനായി 150,000/- രൂപയും കരടിമല കുടിവെള്ള പദ്ധതിക്കായി 300,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിൽ കുടിവെള്ള പദ്ധതിക്കായി 500,000/- രൂപയും വകയിരുത്തുകയും നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 2020-21 വർഷം വണ്ടൻപതാൽ/കൂട്ടിക്കൽ/കാഞ്ഞിരപ്പള്ളി ഡിവിഷനുകളിൽ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 275,000/- രൂപയും മുണ്ടക്കയം/മണ്ണാറക്കയം/ മണിമല/കോരുത്തോട് ഡിവിഷനുകളിൽ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 500,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ (Payment Details) അറിയിക്കാൻ ഭൂജല വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. ഇത്രയധികം തുക ഭൂജലവകുപ്പിന്റെ അക്കൗണ്ടിൽ യഥാവിധി നിക്ഷേപിക്കപ്പെട്ടിട്ടുണ്ടോയെന്ന്പോലും ഉറപ്പാക്കാനാവാത്ത സ്ഥിതി ആശാസ്യമല്ല.

മേൽ പരാമർശിച്ചത് പ്രകാരം ഈ വിഷയത്തിൽ വളരെ സങ്കീർണ്ണമായ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. പദ്ധതി വിഹിതത്തിൽ നിന്നുള്ള വകയിരുത്തൽ പ്രകാരമുള്ള തുക ഇപ്രകാരം തികഞ്ഞ അലംഭാവത്തോടെയും പൊതുജനങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്ന രീതിയിലും വിനിമയം ചെയ്യപ്പെടുന്നത് ക്രമപ്രകാരമല്ല. ഭൂജലവകുപ്പിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഇതേ മേഖലയിൽ തന്നെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതി തേടുകയോ അല്ലാത്തപക്ഷം തുക അടിയന്തിരമായി തിരികെ ഈടാക്കി നിശ്ചിതശീർഷകത്തിൽ സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്. ഭാഗീകമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളവയിൽ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നവിധം അനുബന്ധ സംവിധാനങ്ങൾ കൂടി ക്രമീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള ന്യൂനതാ പരിഹാര നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 `ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2022-23 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക, ഫണ്ടിനം | ബിൽ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 230/23 , കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് കുപ്പ്-തമ്പലക്കാട് കോളനി റോഡ് ചപ്പാത്ത് നിർമ്മാണം ബ്ലോക്ക് വിഹിതം | 412,468<br>വികസന ഫണ്ട്<br>(ജനറൽ) | 526 Dt 30/03/23 | കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് |
| 2 | 196/23,മണിമല ഗ്രാമപഞ്ചായത്ത് വാർഡ്2ചെറുവള്ളി കുരങ്ങൻമല കറിക്കാട്ടൂർ റോഡ് റീ ടാറിംഗ് | 200000വികസന ഫണ്ട് | 289 /21.1.23 | മണിമല ഗ്രാമപഞ്ചായത്ത് |
| 3 | 46/23, അഞ്ചിലിപ്പ വനിതാ സാംസ് കാരിക നിലയം നിർമ്മാണം | 850,000വികസന ഫണ്ട് | 418 /18.3.23 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 4 | 169/23, പാറത്തോട് ഗ്രാമപഞ്ചായത്ത് ചോറ്റി ഡിവിഷനിൽ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 500,000(വികസനഫണ്ട്)<br>200,000(തനത് ഫണ്ട്) | 267 /12.1.2023 | പാറത്തോട് ഗ്രാമപഞ്ചായത്ത് |
| 5 | 168/23,മേലേക്കവല-വട്ടകുന്നാംമല റോഡ് കോൺക്രീറ്റിംഗ് | 300,000വികസന ഫണ്ട്<br>(ജനറൽ) | 527/30.3.23 | മണിമല ഗ്രാമപഞ്ചായത്ത് |
| 6 | 47/23,പതാലി പ്ലാവ് കോളനിപ്പടി കുരങ്ങൻമല വാട്ടർടാങ്ക് റോഡ് കോൺക്രീറ്റിംഗ് പൂർത്തീകരണം | 200,000(തനത് ഫണ്ട്) | | മണിമലഗ്രാമപഞ്ചായത്ത് |
| 7 | 270/23,പാറത്തോട് ഗ്രാമപഞ്ചായത്ത് ഇരുത്തിപ്പടവ് പഴയകാട് റോഡ് കോൺക്രീറ്റിംഗ് | 499692<br>വികസന ഫണ്ട്<br>(ജനറൽ) | 496/28.3.23 | പാറത്തോട് ഗ്രാമപഞ്ചായത്ത് |
| 8 | 199/23,അരികെ -പ്രൈമറി പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം | 491624<br>വികസനഫണ്ട് (ജനറൽ) | 199953(176 /24.11.22)<br>29890( 271 /17.1.23)<br>79016(149 /16.11.22)<br>58395( 438/22.3.23)<br>78500( 419/18.3.23)<br>45870(272/17.1.23) | മണിമല ഗ്രാമപഞ്ചായത്ത്<br>കോരുത്തോട് ഗ്രാമപഞ്ചായത്ത്<br>കോരുത്തോട് ഗ്രാമപഞ്ചായത്ത്<br>കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്<br>കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് |
| 9 | 250/23,അതിദാരിദ്ര്യനിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | 650000<br>വികസനഫണ്ട് (ജനറൽ) | 50,000( 421/18.3.23)<br>19904( 494/28.3.23)<br>30096( 493/28.3.23) | പാറത്തോട് ഗ്രാമപഞ്ചായത്ത്<br>കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്<br>കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | 50,000( 437/22.3.23)<br>50,000( 495/28.3.23)<br>450,000( 322 /6.2.23) | മണിമല ഗ്രാമപഞ്ചായത്ത്<br>കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 10 | ലൈഫ് പി.എം.എ.വൈ(ജി) ബ്ലോക്ക് വിഹിതം | 9691768<br>വികസനഫണ്ട് (ജനറൽ) | 200000( 422/18.3.23)<br>400000(150 /16.11.22)<br>200000(148 /16.11.22)<br>400000(108 /19.10.22)<br>200000(188 /29.11.22)<br>140,000(97 /19.10.22)<br>200000(109 /19.10.22)<br>160000(99 /19.10.22)<br>700000( 320/3.2.23)<br>110,000(207/ 9.12.22)<br>890,000(156 /16.11.22)<br>410,000(93 /19.10.22)<br>238000(499 /28.3.23)<br>600,000(492 /28.3.23)<br>140,000(97 /19.10.22)<br>235000 ( /19.10.22)<br>60000( 288/21.1.23)<br>100000 ( 290/21.1.23)<br>488768(318/ 3.2.23) | മുണ്ടക്കയം ഗ്രാമപഞ്ചായത്ത്<br>"<br>"<br>"<br>പാറത്തോട് ഗ്രാമപഞ്ചായത്ത്<br>"<br>കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്<br>"<br>കോരുത്തോട് ഗ്രാമപഞ്ചായത്ത്<br>"<br>"<br>"<br>കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്<br>"<br>"<br>"<br>മണിമല ഗ്രാമപഞ്ചായത്ത്<br>എരുമേലി ഗ്രാമപഞ്ചായത്ത്)<br>"<br>"<br>"<br>"<br>"<br>"<br>" |

| | | | | |
|---|---|---|---|---|
| | | | 300,000(169 /21.11.22)<br>300,000(151 /16.11.22)<br>460,000(144 /16.11.22)<br>380,000(145 /16.11.22)<br>280,000(146 /16.11.22)<br>1060000( 105 /19.10.22)<br>840000(107 /19.10.22)<br>200,000( 109 /19.10.22) | |
| 11 | 174/23,ലൈഫ് പി.എം.എ.വൈ(ജി) | 5727000<br>വികസനഫണ്ട്(എസ്.സി.പി) | 160,000( 94 /19.10.22)<br>140,000 (204 /9.12.22)<br>160,000( 101 /19.10.22)<br>160,000 (143 /16.11.22)<br>360,000( 206/ 9/12/22)<br>100,000( 228/19.12.22)<br>240,000( 95 /19.10.22)<br>350,000( 157 /16.11.22)<br>150,000( 205 /9.12.22)<br>160,000( 321/3.2.23)<br>147000(423 /18.3.23)<br>320,000( 319 /3.2.23)<br>500,000(210 /9.12.22)<br>780,000( 170 /21.11.22) | മുണ്ടക്കയം ഗ്രാമപഞ്ചായത്ത്<br>“<br>കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്<br>മണിമല ഗ്രാമപഞ്ചായത്ത്<br>“<br>കോരുത്തോട് ഗ്രാമപഞ്ചായത്ത്<br>“<br>“<br>“<br>കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്<br>എരുമേലി ഗ്രാമപഞ്ചായത്ത്<br>“<br>“<br>“<br>“<br>“<br>“ |

| | | | | |
|---|---|---|---|---|
| | | | 100,000( 153 /16.11.22)<br>180,000 ( 152 /16.11.22)<br>480,000( 147 /16.11.22)<br>1240,000( 104 /19.10.22) | |
| | ആകെ | 19722552 | | |

മേൽ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 1,97,22,552 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 പഠനമുറി -മുൻകൂർ ഗഡു കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 136/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണോദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ നം | 12/20.1.23 |

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം 50000/- രൂപ പാറത്തോട് അതുല്യ ഷെനിറ്റ്, കൈപ്പൻപ്ലാക്കൽ, വേങ്ങത്താനം പി.ഒ, പഴമല എന്നയാൾക്ക് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടിയാൾ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കാണുന്നു. ടിയാളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

സിഡിപിഒ നിർവ്വഹണം നടത്തിയ സംയുക്ത പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ചുവടെ ചേർക്കും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും ആയവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രോജക്ട് | വിഹിതം കൈമാറിയ സ്ഥാപനം | തുക | ബിൽ നം |
|---|---|---|---|
| 193/23<br>ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (ബ്ളോക്ക് വിഹിതം)അടങ്കൽ-വികസന ഫണ്ട് (ജനറൽ)- 1181522 | മണിമല ഗ്രാ.പ | 412500 | 185/29.11..22 |
| | എരുമേലി | 384022 | 187/29.11.22 |
| | കാഞ്ഞിരപ്പള്ളി | 385000 | 211/09.12.22 |
| | ആകെ | 1181522 | |
| 36/23<br>ശ്രദ്ധ--അങ്കണവാടി കുട്ടികൾക്കുള്ള പൂരക പോഷകാഹാര വിതരണപദ്ധതി അടങ്കൽ-വികസന ഫണ്ട് (ജനറൽ)-1500000 | മണിമല ഗ്രാ.പ | 400000 | 114/8.6.22 |
| | എരുമേലി | 400000 | 273/17.1.23 |
| | കാഞ്ഞിരപ്പള്ളി | 700000 | 115/20.10.22 |
| | ആകെ | 1500000 | |
| 37/23<br>കരുതൽ -അങ്കണവാടി കുട്ടികൾക്കുള്ള പൂരക പോഷകാഹാര വിതരണപദ്ധതി അടങ്കൽ-വികസന ഫണ്ട് (ജനറൽ)-1500000 | പാറത്തോട് | 400000 | 229/19.12.22 |
| | കൂട്ടിക്കൽ | 200000 | 140/15.11.22 |
| | മുണ്ടക്കയം | 700000 | 128/26.10.22 |
| | കോരുത്തോട് | 200000 | 127/26.1022 |
| | ആകെ | 1500000 | |
| 135/23 | കൂട്ടിക്കൽ | 251000 | 231/19.1.22 |

| | | | |
|---|---|---|---|
| ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (ബ്ളോക്ക് വിഹിതം)അടങ്കൽ-വികസന ഫണ്ട് (ജനറൽ)- 1355000 | പാറത്തോട് | 405500 | 177/24.11.22 |
| | മുണ്ടക്കയം | 591700 | 387/15.3.23 |
| | കോരുത്തോട് | 106800 | 388/15.3.23 |
| | ആകെ | 1355000 | |

വിനിയോഗ സക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 5536522 /-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-16 തനത് ഫണ്ട് വിഹിതം ചെലവുകൾ -സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

തനത് ഫണ്ട് വിഹിതം ചെലവഴിച്ച ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള ചെലവ് സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കാണുന്നു.

| പ്രോജക്റ്റ് നം/ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| 214/23 ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി | വികസന ഫണ്ട് (ജനറൽ)- 400000 | 375992 | 89/22-23 |
| | | തനത് ഫണ്ട് -0 | 12300 | |
| 99/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -അധിക ധനസഹായം | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | വികസന ഫണ്ട് (എസ്.സി.പി)- 125000 | 125000 | 85/22-23 |
| | | തനത് ഫണ്ട്- 175000 | 75000 | |

1. പ്രോജക്റ്റ് നം214/23 പ്രകാരം വികസന ഫണ്ടിൽ തുക ഇല്ലാത്തതിനാൽ 12300/- രൂപ തനത് ഫണ്ടിൽ നിന്നും നല്കുന്നതിനും വികസന ഫണ്ടിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് റീ ക്ലപ്പ് ചെയ്യുന്നതിനും തീരുമാനമെടുത്തതായി കാണുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. തനത് ഫണ്ട് വിഹിതം 12300 രൂപ പ്രോജക്റ്റിൽ വകയിരുത്തുകയോ ചെലവായി കാണിക്കുകയോ ചെയ്തിട്ടില്ല.ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ എൻക്വയറിയ്ക്ക് (നം.7/2.8.23) ടി പ്രോജക്റ്റ് 23-24 ൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഡി.പി.സി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുക റീ ക്ലപ്പ് ചെയ്യുന്നതാണെന്നും മറുപടി നല്കി.

2.പ്രോജക്റ്റ് നം99/23 പ്രകാരം ഹിമരേഖ രഘുനാഥ് എന്നയാൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 75000 രൂപ നല്കണമെന്നും എസ്.സി ഡെവലപ്മെന്റ് ഓഫീസർ അപേക്ഷ നല്കിയതിന്റെ അടിസ്ഥാനത്തിൽ ടി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനു പകരം എസ്.സി ഡെവലപ്മെന്റ് ഓഫീസറുടെ പേരിലെ STSB അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതും തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നല്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. തുക ഗുണഭോക്താവിന് നൽകിയത് സംബന്ധിച്ച കൈപ്പറ്റ് രസീത് കൂടി ലഭ്യമാക്കേണ്ടതാണ്.

### 1-17 വസ്ത്രഗ്രാമം - വാടക കുടിശ്ശികഒഴിവാക്കി നല്കുന്നത് -തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചോറ്റി വനിതാ വ്യവസായ തൊഴിൽ പരിശീലന കേന്ദ്രം കെട്ടിടത്തിലെ ഒന്നാം നിലയിലെ ഓഡിറ്റോറിയം കോട്ടയം ഡിസ്ട്രിക്റ്റ് വുമൺ ടെക്സ്റ്റൈൽസ് ഓർണമെന്റേഷൻ ഗാർമെന്റ് മേക്കിംഗ് ആന്റ് ഹോസ്പിറ്റൽ വെയർ മാനുഫാക്ചറിംഗ് ഹാന്റിക്രാഫ്റ്റ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന വ്യവസായ സഹകരണ സംഘത്തിന് വസ്ത്രഗ്രാമം പദ്ധതിക്കായി 2017 ഫെബ്രുവരി മാസം മുതൽ വാടകയ്ക്ക് നല്കിയിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധി മൂലവും കോവിഡ് മൂലവും സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കുകയും 2019 മേയ് മാസം മുതലുള്ള വാടക കുടിശ്ശികയായിട്ടുള്ളതുമാണ്. ടി സംഘത്തെ പുനരുജ്ജീവിപ്പിക്കുവാൻ 10.10.22 ൽ ബ്ലോക്കിന്റെ നേതൃത്വത്തിൽ നടത്തിയ ആലോചനാ യോഗത്തിൽ വാടക കുടിശ്ശിക അടയ്ക്കാനുള്ള സാമ്പത്തിക സ്ഥിതി സംഘത്തിന് ഇല്ല എന്നും ആയതു കൊണ്ട് വാടക കുടിശ്ശികയും പിഴപ്പലിശയും ഒഴിവാക്കി നല്കണമെന്നും സംഘം

അപേക്ഷിച്ചു. IEO ടി സംഘത്തിന്റെ പ്രവർത്തനം പരിശോധിച്ചതിൽ നിന്നും രൂപീകരണ കാലം മുതൽ പ്രവർത്തിച്ചിരുന്ന സംഘമാണെന്നും കോവിഡ് പ്രതിസന്ധി മൂലം പ്രവർത്തനം നിലച്ചതാണെന്നും വാടക കുടിശ്ശികയും പിഴപ്പലിശയും ഒഴിവാക്കി നല്കിയാൽ സംഘത്തിന് പ്രവർത്തിക്കാനാകുമെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് വാടക ഇനത്തിലെ പിഴപ്പലിശയായ76800 രൂപ ഒഴിവാക്കി നല്കുന്നതിനും വാടക കുടിശ്ശിക ജി.എസ്.ടി ഉൾപ്പെടെ 206500 രൂ പ (മേയ് 2019 മുതൽ സെപ്റ്റംബർ 2022 വരെ) ഒഴിവാക്കി നല്കുന്നതിനും ബഹു.സർക്കാരിന്റെ അനുമതി വാങ്ങുന്നതിനും 9.11.22 ലെ 7(2) തീരുമാനപ്രകാരം തീരുമാനിച്ചിട്ടുള്ളതുമാണ്. ആയതു പ്രകാരം 17.11

22 ൽ സെക്രട്ടറി ,അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ,കോട്ടയത്തിന് സർക്കാരിലേക്ക് ടി വിഷയം ഉചിത മാർഗ്ഗേന അറിയിക്കുന്നതിന് ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സഹിതം കത്ത് (ഇ.ഒ.ഡബ്ല്യൂ.ഡബ്ല്യൂ) 133/22 നം കത്ത്) നല്കിയിട്ടുണ്ട്.

21.11.22 ൽ സംഘം സെക്രട്ടറിയും പ്രസിഡന്റും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ കരാറിൽ ഏർപ്പെട്ട് പ്രതിമാസ വാടക 5000+ജി.എസ്.ടി എന്ന തീരുമാനിച്ച് വീണ്ടും സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ വാടക കുടിശ്ശിക ഒഴിവാക്കി നല്കുന്നത് സംബന്ധിച്ച തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ടെണ്ടർ എക്സസ് നല്കിയതിൽ ഇരട്ടിപ്പ്- ബ്ലോക്ക് പഞ്ചായത്തിന് 46328/- രൂപയുടെ അധികച്ചെലവ്

| | |
|---|---|
| പ്രോജക്റ്റ്/ നമ്പർ | എരുമേലി ഒഴക്കനാട് വനിതാ സാംസ്കാരിക നിലയം പരിശീലന കേന്ദ്രം പൂർത്തീകരണം, 27/2022, 57/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 900000/- + 86016 തനത് ഫണ്ട് (22-23) |
| ചെലവ് | 805849/- ബിൽ നം 48/30-3-22<br>94151/-09/17-9-22<br>86016/-17-9-22 |
| കരാറുകാരൻ | ഗോപാലൻ പി ആർ |

മേൽ പ്രവ്യത്തിയുടെ ടെണ്ടർ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 4.93% കൂടിയ നിരക്കാണ് കരാറുകാരനായ ഗോപാലൻ പി ആർ രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കിയതും എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക് പ്രകാരമാണ്. ഈ സാഹചര്യത്തിൽ ടെണ്ടർ എക്സസ് വേല മൂല്യത്തോടൊപ്പം കൂട്ടേണ്ടതില്ല. ഇതിന് വിരുദ്ധമായി ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ വേലമൂല്യത്തോടൊപ്പം 4.93% ടെണ്ടർ എക്സസ് കൂട്ടിയത് മൂലം ആവർത്തനം വരികയും 46328/- രൂപ കരാറുകാരന് അധികം നല്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | Ist & Part Bill | II& Final Bill | ആകെ ചെലവഴിച്ചത് | ആകെ ചെലവഴിക്കാവുന്നത് |
|---|---|---|---|---|
| വേലമൂല്യം | 719508 | 119500 | 839008 | 839008 |
| ടെണ്ടർ എക്സസ് | 00 | 41363 | 41363 | 00 |
| GST 12% | 86341 | 19304 | 105645 | 100680 |
| | 805849 | 180167 | 986016 | 939688 |
| ആകെ അധികം ചെലവഴിച്ച് 986016-939688=46328/- രൂപ | | | | |

ഈ വിഷയം 2021-22 വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കരാറുകാരന് അർഹതപ്പെട്ടതിൽ അധികം തുക നല്കിയത് ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ ബിൽ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ 6/29-7-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 46328/-രൂപ ഉത്തരവാദികളായവരിൽ നിന്നും തുല്യമായി ഈടാക്കി

സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-19 എക്സ് റേ യൂണിറ്റ് സ്ഥാപിക്കൽ ,പ്രോജക്റ്റ് ഫലപ്രദമാക്കുന്നതിന് അടിയന്തിര നടപടികൾ അനിവാര്യം

മുണ്ടക്കയം FHC യിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 674033/- രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും നല്കിയിട്ടുണ്ട് (ബിൽ നം 25/23-3-2023). കൂടാതെ റേഡിയോഗ്രാഫി മെഷീന് 1797903/- രൂപയും ബിൽ നം 26/23-3-2023 പ്രകാരം കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. പ്രോജക്റ്റ് മാനേജ് മെന്റ് കൺസൽട്ടന്റ് എന്ന നിലയിൽ റേഡിയോഗ്രാഫി മെഷീന് 97689/- രൂപയും എക്സ്റേ യൂണിറ്റിന് 38954/- രൂപയും സർവ്വീസ് ചാർജായി (7%) കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചതനുസരിച്ച് റേഡിയോളജിസ്റ്റ് മുണ്ടക്കയം FHC സന്ദർശിച്ച് നല്കിയ റിപ്പോർട്ട് പ്രകാരം എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് സിവിൽ പ്രവൃത്തികൾ നടത്തേണ്ടതായും 2 റേഡിയോളജിസ്റ്റിന്റെയും 1 അറ്റന്ററുടെയും സേവനം ലഭ്യമാക്കേണ്ടതായും നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹണവുമായി ബന്ധപ്പെട്ട് സ ഉ (അച്ചടി) 118/2018 ഫിൻ തീ 3-8-2018 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല.

- മെഷിനറിയുടെ വിതരണം M/S Fuji Filim India Pvt. Ltd എന്ന കമ്പനിയാണ് നടത്തിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസിയും, വിതരണ സ്ഥാപനവും, നിർവ്വഹണ ഉദ്യോഗസ്ഥനും ഉൾപ്പെടുന്ന ത്രികക്ഷി കരാർ ചമച്ചിട്ടില്ല.
- അക്രഡിറ്റഡ് ഏജൻസി ഇ-ടെണ്ടർ നടപടികളിലൂടെ വിതരണ ഏജൻസിയെ കണ്ടെത്തുകയും വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.
- അക്രഡിറ്റഡ് ഏജൻസിയുടെ ശിപാർശപ്രകാരം സാധനവില വിതരണ സ്ഥാപനത്തിന് നേരിട്ടും സർവ്വീസ് ചാർജ് അക്രഡിറ്റഡ് ഏജൻസിയുടെ അക്കൗണ്ടിലും നല്കുന്നതിന് പകരം മുഴുവൻ തുകയും അക്രഡിറ്റഡ് ഏജൻസിക്ക് മുൻകൂറായി നല്കി.
- വിതരണസ്ഥാപനത്തിന്റെ ബില്ല് പോലും നിർവ്വഹണ ഉദ്യോഗസ്ഥന് ലഭിച്ചിട്ടില്ല.
- അനുബന്ധ പ്രവൃത്തികൾക്ക്(സിവിൽ) പ്രോജക്റ്റ് വച്ചിട്ടുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല.
- മെഷീനറി പ്രവൃത്തിപ്പിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരുടെ നിയമനം സംബന്ധിച്ച് തീരുമാനമായില്ല.

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 1-8-2023 ലെ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത അപാകതകൾക്ക് മറുപടി നല്കിയില്ല. ഈസാഹചര്യത്തിൽ വിതരണ ഏജൻസിയുടെ ബില്ല് പ്രകാരമുള്ള തുകയും ആയതിന്റെ 7% സർവ്വീസ് ചാർജും മാത്രമേ ചെലവ് വന്നിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതും, വൻ ചെലവ് വരുന്ന പ്രോജക്റ്റിന്റെ വിജയകരമായ പൂർത്തീകരണത്തിന് തുടർ പ്രവൃത്തികളും ജീവനക്കാരുടെ നിയമനം, ഈടാക്കാവുന്ന ഫീസ് തുടങ്ങിയ സംബന്ധിച്ച് നിയമാവലി തയ്യാറാക്കേണ്ടതും എക്സ്റേയൂണിറ്റ് അടിയന്തിരമായി പ്രവർത്തനസജ്ജമാക്കി പൊതുജനോപകാരപ്രദമാക്കേണ്ടതുമാണ്.

## 1-20 HMC ഫണ്ട് സ്വരൂപിക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി ആധികാരികമല്ലാത്ത ക്ലെയിമുകൾക്കായി റോഡിതരമെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആശുപത്രികളുടെ ദൈനദിന ചെലവുകൾ നടത്തുന്നതിന് റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ആശുപത്രി | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| മുണ്ടക്കയം FHC (പ്രോജക്റ്റ് നം 179/2022-23) | 700000/-(MGNR) | 700000/- |
| എരുമേലി CHC പ്രോജക്റ്റ് നം 152/2022-23 | 1500000/-(MGNR) | 1500000/- |
| കൂട്ടിക്കൽ CHC (പ്രോജക്റ്റ് നം 134/2022-23) | 200000/- (MGNR) | 172350/- |

മേൽ പറഞ്ഞവയിൽ മുണ്ടക്കയം, കൂട്ടിക്കൽ ആശുപത്രികളിൽ 2022-23 വർഷത്തെ ദൈനദിന ചെലവുകളുടെ വൗച്ചറുകൾ/ബില്ലുകൾ ഹാജരാക്കുകയും തുക കക്ഷികളുടെ അക്കൗണ്ടിലേക്ക് നല്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ എരുമേലി CHC ചെലവഴിച്ച 15 ലക്ഷം രൂപയിൽ 650161/- രൂപ ട്രഷറിയിൽ നിന്നും പിൻവലച്ച് മെഡിക്കൽ ഓഫീസറുടെ പേരിലുള്ള HMC ഫണ്ടിൽ നിക്ഷേപിക്കുകയാണ് . കേരള പഞ്ചായത്ത് രാജ് (പൊതുനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങൾ 2010, ചട്ടം 6 പ്രകാരം വൈദ്യുതി വിതരണം, ശുദ്ധജലവിതരണം, മാലിന്യനിർമാർജനം, ശുചീകരണം , മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങൽ, തുടങ്ങി പൊതുജനാരോഗ്യസ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ചെലവുകൾ HMC ഫണ്ടിൽ

നിന്നും നടത്താവുന്നതാണ്. ഫണ്ടിന്റെ അഭാവത്തിൽ ചുമതലയുള്ള പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാവുന്നതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് എരുമേലി CHC ക്ക് അനുവദിച്ച 15ലക്ഷം രൂപയിൽ 650161 രൂപയും HMC ഫണ്ടിൽ നിന്നും മുൻകൂർ ചെലവഴിച്ച തുക തിരികെ നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്.

| | വൗച്ചർ നം/തീയതി | തുക ബിൽ നം | തുക ഇനം തിരിച്ച് | ഇനം |
|---|---|---|---|---|
| 1 | 78/2021-22 | 178988/- 10/3-12-22 | 31143 | 13-9-2021 ലെ വാട്ടർ ചാർജ് റീ ഇംബേഴ്സ് ചെയ്തത് |
| 2 | 61/2021-22 | | 61784 | 6-7 2020 ലെ ഇലക്ട്രിസിറ്റി ബിൽറീ ഇംബേഴ്സ് ചെയ്തത് |
| 3 | 62/2021-22 | | 42957 | 3-9- 2021 ലെ ഇലക്ട്രിസിറ്റി ബിൽറീ ഇംബേഴ്സ് ചെയ്തത്, ഹാജരാക്കിയിട്ടുള്ള രസീതിൽ എഴുതിച്ചേർത്ത തുക |
| 4 | 63/2021-22 | | 2600 | 19-20ൽ ആശുപത്രിയിൽ വെള്ളം ഇറക്കിയ തുക |
| 5 | 64/2021-22 | | 2600 | 19-20ൽ ആശുപത്രിയിൽ വെള്ളം ഇറക്കിയ തുക |
| 6 | 65/2021-22 | | 2600 | 19-20ൽ ആശുപത്രിയിൽ വെള്ളം ഇറക്കിയ തുക |
| 7 | 66/2021-22 | | 400 | 19-20ൽ ആശുപത്രിയിൽ വെള്ളം ഇറക്കിയ തുക |
| 8 | 20/2021-22 | 44770/- 12/3-12-22 | 2149 | 20-21 ലെ ഫോൺ ബിൽ റീ ഇംബേഴ്സ് ചെയ്തത് |
| 9 | 135/2021-22 | | 2174 | 20-21 ലെ ഫോൺ ബിൽ റീ ഇംബേഴ്സ് ചെയ്തത് |
| 10 | 161/2021-22 | | 2131 | 20-21 ലെ ഫോൺ ബിൽ റീ ഇംബേഴ്സ് ചെയ്തത് |
| 11 | 214/2021-22 | | 22172 | 12/2019 ലെ കറന്റ് ബിൽ, റീ ഇംബേഴ്സ് ചെയ്തത് |
| 12 | 132/2021-22 | | 16144 | 1/2021 ലെ കറന്റ് ബിൽ, റീ ഇംബേഴ്സ് ചെയ്തത് |
| 13 | | 207042/- 3/19-9-22 | 207042 | 22-23 ലെ ചെലവുകൾ റീ ഇംബേഴ്സ് ചെയ്തത് |
| 14 | | 122285/- 15/31-1-23 | 122285 | 22-23 ലെ ചെലവുകൾ റീ ഇംബേഴ്സ് ചെയ്തത് |
| 15 | | 72845/- 8/17-1-22 | 72845 | 22-23 ലെ ചെലവുകൾ റീ ഇംബേഴ്സ് ചെയ്തത് |
| 16 | | 58693/- 25/31-1-23 | 58693 | 22-23 ലെ ചെലവുകൾ റീ ഇംബേഴ്സ് ചെയ്തത് |
| 17 | | 442/- 26/18-3-22 | 442 | 22-23 ലെ ചെലവുകൾ റീ ഇംബേഴ്സ് ചെയ്തത് |

| | | | | |
|---|---|---|---|---|
| | ആകെ | | 650161 | |

- 2022-23 വർഷം ദൈനദിന ചെലവുകൾക്ക് ആവശ്യമായി വരുന്ന തുക കണക്കാക്കി പ്രോജക്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുകയും ആയത് പരിഗണിച്ച് തുക പ്രോജക്ടിൽ വകയിരുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാർത്ഥ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് കക്ഷിക്ക് നേരിട്ട് തുക നല്കുകയുമാണ് ചെയ്തു വരുന്നത്. എന്നാൽ HMC ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക ചെലവഴിച്ചശേഷം ശേഷം ആയത് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് HMC ഫണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. പൊതുഫണ്ട് വിനിയോഗിക്കുന്നതിൽ അവശ്യം പുലർത്തേണ്ടതായ ഫിനാൻഷ്യൽ കോഡിൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെ HMC ഫണ്ടിൽ നിന്നും മുൻകൂർ ചെലവഴിച്ച തുകയുടെ ക്ലെയിമുകളുടെ ആധികാരികത ഉറപ്പ് വരുത്താതെ, ആവശ്യപ്പെടുന്ന മുറയ്ക്ക് പൂർണ്ണമായും റീ ഇംപേഴ്സ് ചെയ്ത് നൽകുന്ന രീതിയാണ് അനുവർത്തിച്ചിട്ടുള്ളത്. ശരിയായ ശീർഷകത്തിൽ പര്യാപ്തമായ ബജറ്റ് വകയിരുത്തൽ ഉണ്ടോയെന്ന് പോലും ഉറപ്പാക്കുന്നില്ല.
- 2022-23 വർഷത്തെ ദൈനദിന ചെലവുകൾക്ക് തയ്യാറാക്കിയ പ്രോജക്ടിൽ നിന്നും 2019-20 മുതൽ 2021-22 വരെയുള്ള തുക റീക്ലപ്പ് ചെയ്തത് അംഗീകരിക്കാവുന്നതല്ല (ക്ര നം 12 വരെയുള്ള വൗച്ചറുകൾ പ്രകാരമുള്ള 188854/- രൂപയുടെ ചെലവ്).
- വാട്ടർ ചാർജജ്, കറന്റ് ബിൽ, ഫോൺ ബിൽ തുടങ്ങിയവയാണ് റീ ക്ലപ്പ് ചെയ്യാവുന്ന ബില്ലുകൾ എന്നിരിക്കെ HMC ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട അലക്ക് കൂലി , ആശുപത്രി മാലിന്യ നിർമാർജനത്തിന് ഉള്ള ചെലവ്, ആശുപത്രി വാഹനത്തിന്റെ ഇന്ധനച്ചെലവ് തുടങ്ങിയവയും റീക്ലപ്പ് ചെയ്ത തുകയിൽ ഉൾപ്പെടുന്നു.
- വിവിധ മാസത്തെ ബില്ലുകൾ ക്രമരഹിതമായി തയ്യാറാക്കിയിട്ടുള്ളതിനാൽ ആയവയുടെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.
- വെള്ളക്കരം കുടിശിക അടക്കുന്നതിന് മേൽ പറഞ്ഞ 15 ലക്ഷം രൂപയിൽ നിന്നും 563995/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ യഥാസമയം തുക അടക്കാത്തതിനുള്ള പിഴയും തുടർമാസങ്ങളിൽ പിഴക്ക് മേൽ പിഴയും ഈടാക്കിയിട്ടുണ്ട്.HMC ഫണ്ടിൽ നിന്നും യഥാസമയം തുക അടക്കുകയോ ഫണ്ടിന്റെ അപര്യാപ്തതയിൽ ബില്ലുകൾ ഹാജരാക്കി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആവശ്യപ്പെടുകയോ ചെയ്യാതെ വൻ പിഴ സർക്കാർ ഫണ്ടിൽ നിന്നും ഓടുക്കേണ്ടി വന്നത് ചുമതലയുള്ള ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.
- ചെലവുകളുടെ ആധികാരികത പരിശോധിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫണ്ട് പാസാക്കി നല്കിയത് എന്ന് കാണുന്നു.

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ (9/1-8-23) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഫണ്ടിന്റെ അപരായാപ്തത മൂലവും, വകുപ്പുതലഓഡിറ്റിലെ നിർദ്ദേശം അനുസരിച്ചുമാണ് തുക റീക്ലപ്പ് ചെയ്തത് എന്നും നിലവിൽ വൈദ്യുതി, ശുദ്ധജലം,ഫോൺ ചാർജ് തുടങ്ങിയവ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങുന്നതെന്നും മെഡിക്കൽ ഓഫീസർ മറുപടി നല്കി. ഈ സാഹചര്യത്തിൽ 2019-20 മുതൽ 2021-22 വരെയുള്ള തുക റീക്ലപ്പ് ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. 188854/- രൂപ സർക്കാരിലേക്ക് തിരികെ അടക്കേണ്ടതും. തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിൽ ആവശ്യമുള്ള തുക മാത്രം വകയിരുത്തുന്നതിനും കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 കുടിവെള്ള പദ്ധതിക്ക് ഗുണനിലവാരം കുറഞ്ഞ HDപൈപ്പ് ഉപയോഗിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത മുളങ്കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ എന്ന 209/23 നമ്പർ പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1218582/- രൂപ വകയിരുത്തുകയും കരാറുകാരനായ സാജിദ് 777599/- രൂപ പാർട്ട് ബില്ലായി നല്കുകയും ചെയ്തിട്ടുണ്ട് (ബിൽ നം 511/29-3-2023). കോൺക്രീറ്റ് സ്റ്റാന്റ് നിർമ്മാണം, 75 മി മീ , 10 കെ ജി പൈപ്പ് 410 മീറ്റർ, 63 മി മീ , 10 കെ ജി പൈപ്പ് 375 മീറ്റർ എന്നിവ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ഓഡിറ്റ് വർഷം നിർവ്വഹിച്ചിട്ടുള്ളത്. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 31-7-2023 ൽ ഭൗതിക പരിശോധന നടത്തിയതിൽ Minimum Required Strength 10mpa ഉള്ള (PE 100) 75 Mm HDPE പൈപ്പ് 10കെ ജി സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും കരാർ വച്ചിട്ടുള്ളതുമെന്നിരിക്കെ Minimum Required Strength 8 Mpa ഉള്ള (PE 80) 75 Mm HDPE പൈപ്പ് 10കെ ജി ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണപ്പെട്ടു. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നല്കിയ (10/1-8-23 നമ്പർ) ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ പൈപ്പ് മാറ്റി ഇടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഇപ്രകാരം പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്ന കുറഞ്ഞ സ്പെസിഫിക്കേഷനിലുള്ള പൈപ്പ് സ്ഥാപിച്ച നടപടി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ഈ സാഹചര്യത്തിൽ പൈപ്പിന്റെ ഗുണനിലവാര പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

1-22 ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് കെട്ടിട നിർമ്മാണം

പുഞ്ചവയൽ 504 കോളനിയിലുള്ള ഓൾ കേരള വർണവ സൊസൈറ്റി ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടോയ്ലറ്റ് പണിയുന്നതിനായി തൻവർഷം പ്രോജക്ട് നമ്പർ 56/23 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 2 ലക്ഷം രൂപ വകയിരുത്തുകയും 156453 /- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്(ബിൽ നം തീ 33/30-6-22). പ്രസ്തുത സ്ഥലത്ത് 2020-21 വർഷം സാമൂഹ്യപഠനകേന്ദ്രം എന്നപേരിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിക്കുകയും ചെയ്തിരുന്നു. ഓൾ കേരള വർണവ സൊസൈറ്റി കെട്ടിടം പണിയുന്നതിന് വേണ്ടി സ്ഥലം വിട്ടുനല്കാൻ സമ്മതമറിയിച്ച് കത്ത് നല്കിയിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത സ്ഥലം കരമടച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് കെട്ടിടം വർണവസൊസൈറ്റിയുടെ നിയന്ത്രണത്തിൽ സൊസൈറ്റിയുടെ മീറ്റിംഗുകൾ നടത്തുന്നതിനും യോഗം ചേരുന്നതിനുമാണ് ഉപയോഗിക്കുന്നത് എന്ന് 2020-21 ഓഡിറ്റ് സമയത്ത് കണ്ടെത്തുകയും അപാകതകൾ പരിഹരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിലൂടെ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നും 3-7-2020ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 1(1) തീരുമാനപ്രകാരം പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലാക്കാതെ ടോയ്ലറ്റ് നിർമ്മാണത്തിന് അനുമതി നല്കിയിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ വിഷയം പരിഗണിക്കാതെ നിർവ്വഹണം നടത്തി തുക ചെലവഴിച്ചതായും കാണുന്നു. അപാകതയിലുള്ള വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ (3/29-7-23 നമ്പർ) ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി എല്ലാ വിഭാഗം ജനങ്ങളെയും ഉദ്ദേശിച്ചാണ് കെട്ടിടം പണിതതെന്നും കെട്ടിടം ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ റവന്യൂ രേഖകൾ കൃത്യമാക്കുകയും, പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുകയും, കെട്ടിടത്തിന്റെ നിയന്ത്രണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്യുന്നതു വരെ തൻവർഷത്തെ ചെലവ് 156453/- രൂപ തടസ്സപ്പെടുത്തുന്നു.

1-23 മരാമത്ത് പ്രവൃത്തി ഫൈൻ ഈടാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ട് (എസ് സി പി ) 10 ലക്ഷം രൂപ വകയിരുത്തി 2021-22 ൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതാണ് ചേനപ്പാടി ഡിവിഷൻ - എസ് സി കോളനികളിലെ പശ്ചാത്തലവികസനം എന്ന 64/23 നമ്പർ പ്രോജക്ട്. എസ്റ്റിമേറ്റ് നിരക്കിൽ അഭിജിത് ഷാജി എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും 09-03-2023 ൽ പൂർത്തിയാക്കി 584354/- രൂപയുടെ ഫൈനൽ ബിൽ മാറുകയും (ബിൽ നം 34/25-3-23) ചെയ്തു.സാങ്കേതിക അനുമതി പ്രകാരം 10 മാസം പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിനാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 4952/- രൂപ ഫൈൻ ആയി ഈടാക്കിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പൂർത്തീകരണ കാലാവധിയുടെ 25% കാലയളവ് ( ഇവിടെ 2.5 മാസം) 1% പിഴയോടെയും തുടർന്ന് 2.5മാസം 2% പിഴയോടെയും നീട്ടി നല്കാവുന്നതാണ്. ജി ഓ (പി) 13/2012 PWD തീ01-02-2012പൊതുമരാമത്ത് മാന്വൽ V.iv പ്രകാരം അംഗീകൃത PAC യുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കേണ്ടത്. എന്നാൽ പിഴ ഈടാക്കുന്നതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ 21616/- രൂപയുടെ കുറവ് ഉണ്ടായതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അംഗീകൃത PAC | 885639.84 |
| പൂർത്തിയാക്കേണ്ട തീയതി (കരാർ വച്ച് സൈറ്റ് ഏറ്റെടുത്ത 20-12-21 മുതൽ 10 മാസം) | 19-10-22 |
| പൂർത്തിയായ തീയതി | 09-03-23 |
| കരാർ വ്യവസ്ഥ പ്രകാരം 19-10-22 മുതൽ 2-1-2023 വരെ അംഗീകൃത PAC യുടെ 1% | 8856 |
| തുടർന്ന് 2-1-2023 മുതൽ 9-3-23 വരെ അംഗീകൃത PAC യുടെ 2% | 17712 |
| പൊതുമരാമത്ത് മാന്വൽ V.iv പ്രകാരം ആകെ ഈടാക്കാമായിരുന്നത് | 26568 |
| ഈടാക്കിയത് | 4952 |
| കുറവ് | 21616 |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 4/29-7-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

1-24 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ ക്രമവിരുദ്ധമായി സൂക്ഷിക്കുന്നു

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം 147/2017 ധനം തീ 16-11-2017 പ്രകാരം സാമ്പത്തിക അച്ചടക്കവും ചിട്ടയും പാലിക്കുന്നതിന്റെ ഭാഗമായി ട്രഷറികളിൽ ആരംഭിച്ചിട്ടുള്ള സേവിംഗ്സ് അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക മാറ്റുന്ന രീതിയാണ് അനുവർത്തിക്കേണ്ടത് (Direct Transfer). AE, A Ex E, എന്നിവരുടെ പേരിലുള്ള അക്കൗണ്ട് വഴിയുള്ള മുഴുവൻ ഇടപാടുകളും ഇത്തരത്തിൽ നടത്താമെന്നിരിക്കെ ബ്ലോക്ക് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ചെക്ക് വഴി AE, A Ex E, എന്നിവരുടെ അക്കൗണ്ടിലേക്ക് തുക നല്കുന്നത് അനാവശ്യമാണ്. ഇത്തരത്തിൽ വിവിധ ആവശ്യങ്ങൾക്ക് നല്കിയ തുക ഉപയോഗിക്കാതെ AE, A Ex E,എന്നിവരുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ IT, GST തുടങ്ങിയവയും ഉൾപ്പെടുന്നു. നികുതി ഇനത്തിലുള്ള തുകകൾ യഥാസമയം അടക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. ഇടപാടുകൾ ഉള്ള അക്കൗണ്ട് നിലനിർത്തുമ്പോൾ കാഷ്ബുക്ക്/ബാങ്ക്ബുക്ക് തയ്യാറാക്കി പ്രതിദിന/പ്രതിമാസ/ വർഷാന്ത്യ ക്ലോസിംഗ് നടത്തുകയും ബാങ്ക് സ്റ്റേറ്റ്മെന്റുമായി റക്കൺസിലിയേഷൻ നടത്തേണ്ടതുമാണ്. അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 5/29-7-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി നിലവിൽ E-gramswaraj Portal മുഖേന ചെലവഴിക്കുന്ന Cfc ഫണ്ടുകളുടെ IT,GST,KBCWWF തുകകൾ മാത്രമാണ് നിലവിൽ AE ക്ക് നല്കുന്നതെന്ന് മറുപടി നല്കി. കൂടാതെ ഇത്തരത്തിൽ തുക നല്കുന്നതിന് നിർദ്ദേശിച്ചുള്ള കത്ത് ലഭിച്ചതായും പറയുന്നു. പ്രസ്തുത കത്ത് പരിശോധിച്ചതിൽ വസൂലാക്കലുകളുടെ ചെലാനുകൾ തയ്യാറാക്കി സെക്രട്ടറിക്ക് നല്കണമെന്നും സെക്രട്ടറി വസൂലാക്കലുകൾ നടത്തി ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് അടവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട്

ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പൊൻകുന്നം ബ്രാഞ്ചിൽ ഉള്ള 67381977891 അക്കൗണ്ടിൽ 25-7-2023 ൽ 1090842/-രൂപ നീക്കിയിരിപ്പുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് നല്കുന്ന തുകകൾ ഈ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 25-7-23 ലെ നീക്കിയിരിപ്പിൽ 1032560/- രൂപ കെട്ടിട നിർമ്മാണത്തിന് മറ്റ് വകുപ്പുകളിൽ നിന്ന് ലഭിച്ച തുകയും 58282/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് നല്കിയ തുകയുമാണ്. 58282/- രൂപ ഇനം തിരിച്ച് കണക്കാക്കേണ്ടതും നികുതി വിഹിതങ്ങൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കേണ്ടതുമാണ് .ബാക്കിയുള്ള തുക ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് നല്കി അക്കൗണ്ട് കെട്ടിട നിർമ്മാണ ഫണ്ടിന്റെ വിനിമയത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിലോ ഷെഡ്യൂളിലെ ഉൾപ്പെടാത്ത അക്കൗണ്ടിൽ ഇപ്രകാരം തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമല്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട്

ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പൊൻകുന്നം ബ്രാഞ്ചിൽ ഉള്ള 37579532115 അക്കൗണ്ടിൽ 18-7-2023 ൽ 327494/-രൂപ നീക്കിയിരിപ്പുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് നല്കുന്ന തുകകൾ ഈ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. അക്കൗണ്ടിൽ ലഭിച്ച പല തുകകളും യഥാർത്ഥ ആവശ്യത്തിന് ചെലവഴിക്കാത്തതോ , ആവശ്യത്തിലധികം തുക ലഭ്യമാക്കിയതോ മൂലമാണ് ഈ തുക നീക്കിയിരിപ്പുണ്ടായത് എന്ന് കാണുന്നു. 327494/- രൂപ ഇനം തിരിച്ച് കണക്കാക്കേണ്ടതും നികുതി വിഹിതങ്ങൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കേണ്ടതുമാണ് .ബാക്കിയുള്ള തുക ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് നല്കി ക്രമീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പഞ്ചായത്ത് വാഹനം -ആക്സിഡന്റിനെ തുടർന്നുണ്ടായ മെയിന്റനൻസ് ചാർജ്ജ് - ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ചുമത്തിയ ബാധ്യതാ തുക ഡ്രൈവറിൽ നിന്നും ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് (KL 34-8726 മഹേന്ദ്ര ബൊലേറോ) 9.2.22ൽ കരിനിലം ഭാഗത്തു വെച്ച് അപകടം ഉണ്ടായിട്ടുള്ളതാണ്. അപകടത്തെ തുടർന്ന് മുണ്ടക്കയം പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഡ്രൈവർക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ടി വാഹനം റിപ്പയർ ചെയ്യുന്നതിനായി അപകടസ്ഥലത്തു നിന്നും വാഹനം ക്രെയിൻ ഉപയോഗിച്ച് വർക്ക് ഷോ പ്പിലേക്ക് കൊണ്ടുപോയ ചെലവിനത്തിൽ 8000 രൂപയും അറ്റകുറ്റപ്പണികൾക്കായി 62214 രൂപയും എഞ്ചിൻ തകരാറുകൾ പരിഹരിക്കുന്നതിനായി 36308 രൂപയും

ഉൾപ്പെടെ 106522 രൂപ ചെലവ് വന്നിട്ടുണ്ട്. വാഹനാപകടവേളയിൽ ഡ്രൈവർ ശ്രീ.വിജയകുമാർ മദ്യപിച്ചിരുന്നതായി പോലീസ് FIR ൽ പരാമർശിച്ചിട്ടുള്ളതായി അറിയുന്നു. ഇക്കാരണത്താൽ വാഹനത്തിന് ഇൻഷ്വറൻസ് ക്ലെയിം തുക ലഭ്യമാകില്ല എന്ന് ഇൻഷ്വറൻസ് കമ്പനി അറിയിച്ച സാഹചര്യത്തിൽ ചെലവായ തുക താത്കാലികമായി തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5.7.22 ലെ 6(3) നം തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതു പ്രകാരം 106522 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. (ചെക്ക് നം.JF6807426/16.7.22 , JF6807439/12.9.22 )

അപകട വേളയിൽ ഡ്രൈവർ മദ്യപിച്ചിരുന്നതിനാൽ ടിയാൻ ഇതുമായി ബന്ധപ്പെട്ട അധിക ചെലവുകൾക്ക് ബാധ്യതപ്പെട്ടിരിക്കുന്നതിനാലാണ് അടിയന്തിരാവശ്യം പരിഗണിച്ച് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താത്കാലികമായി മാത്രം ചെലവഴിച്ചതെന്ന് വ്യക്തമാണ്. ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 106522രൂപ ഡ്രൈവർ ശ്രീ.വിജയകുമാറിൽ നിന്നും തിരികെ ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം1/27.7.23) ടി തുക പ്രസ്തുത ഡ്രൈവറിൽ നിന്നും ഈടാക്കുന്നതിന് 25.10.22 ൽ ജില്ലാ ഓഫീസർ മുഖാന്തിരം പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നല്കുകയും 22.7.23 ൽ ജോയിന്റ് ഡയറക്ടർക്ക് ഓർമ്മക്കുറിപ്പ് നല്കിയതായും മറുപടി നല്കി. ഡ്രൈവർ മദ്യപിച്ച് വാഹനം ഓടിച്ച് അപകടം സംഭവിച്ചതിനാൽ വാഹനത്തിന് ഇൻഷ്വറൻസ് തുക ലഭ്യമാകാത്ത സാഹചര്യത്തിൽ വാഹനത്തിന്റെ മെയിന്റനൻസിനായി തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി ചെലവഴിച്ച ടി തുക ടിയാന്റെ ബാധ്യതയാണ്. ആയതിനാൽ 106522 രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ടി തുക ടിയാന്റെ ബാധ്യതയായി നിലനിർത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ എക്സസ് നല്കിയതിൽ ഇരട്ടിപ്പ്- ബ്ലോക്ക് പഞ്ചായത്തിന് 46328/- രൂപയുടെ അധികച്ചെലവ്

| | |
|---|---|
| പ്രോജക്റ്റ്/ നമ്പർ | എരുമേലി ഒഴക്കനാട് വനിതാ സാംസ്കാരിക നിലയം പരിശീലന കേന്ദ്രം പൂർത്തീകരണം, 27/2022, 57/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 900000/- + 86016 തനത് ഫണ്ട് (22-23) |
| ചെലവ് | 805849/- ബിൽ നം 48/30-3-22<br>94151/-09/17-9-22<br>86016/-17-9-22 |
| കരാറുകാരൻ | ഗോപാലൻ പി ആർ |

മേൽ പ്രവൃത്തിയുടെ ടെണ്ടർ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 4.93% കൂടിയ നിരക്കാണ് കരാറുകാരനായ ഗോപാലൻ പി ആർ രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കിയതും ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക് പ്രകാരമാണ്. ഈ സാഹചര്യത്തിൽ ടെണ്ടർ എക്സസ് വേല മൂല്യത്തോടൊപ്പം കൂട്ടേണ്ടതില്ല. ഇതിന് വിരുദ്ധമായി ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ വേലമൂല്യത്തോടൊപ്പം 4.93% ടെണ്ടർ എക്സസ് കൂട്ടിയത് മൂലം ആവർത്തനം വരികയും 46328/- രൂപ കരാറുകാരന് അധികം നല്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | Ist & Part Bill | II& Final Bill | ആകെ ചെലവഴിച്ചത് | ആകെ ചെലവഴിക്കാവുന്നത് |
|---|---|---|---|---|
| വേലമൂല്യം | 719508 | 119500 | 839008 | 839008 |
| ടെണ്ടർ എക്സസ് | 00 | 41363 | 41363 | 00 |

| | | | | |
|---|---|---|---|---|
| GST 12% | 86341 | 19304 | 105645 | 100680 |
| | 805849 | 180167 | 986016 | 939688 |
| ആകെ അധികം ചെലവഴിച്ച് 986016-939688=46328/- രൂപ | | | | |

ഈ വിഷയം 2021-22 വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കരാറുകാരന് അർഹതപ്പെട്ടതിൽ അധികം തുക നല്കിയത് ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ ബിൽ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ 6/29-7-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. മേൽ പരാമർശ പ്രകാരമുള്ള 46328/- രൂപയുടെ അധികചെലവിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.10(ഇ) യിൽ പേര് പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക -ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 27/06/2023-ലെ 3(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 031/07/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം 1-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 2198000 രൂപ പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 2022-23 | 588000/- | ലൈഫ് പി.എം.എ.വൈ. (ജി)ബ്ലോക്ക് വിഹിതം (104/23) | 588000 | 0 |
| | 2022-23 | 882000 | ലൈഫ് പി.എം.എ.വൈ. (ജി)ബ്ലോക്ക് വിഹിതം(എസ്.സി.പി) (174/23) | 882000 | ০ |
| | 2022-23 | 336000 | പി.എം.എ.വൈ.(ജി) റ്റി.എസ്.പി (50/23) | 336000 | 0 |
| | 2022-23 | 392000 | പി.എം.എ.വൈ. (ജി)ഭവനപദ്ധതി ജനറൽ (257/23) | 392000 | 0 |
| | ആകെ | 2198000 | | 2198000 | 0 |
| ഗ്രാമപഞ്ചായത്തുകൾ | 2022-23 | 280000 | പി.എം.എ.വൈ. (ജി)ഭവനപദ്ധതി | 280000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ (257/23) | | |
| | 2022-23 | 374000 | പി.എം.എ.വൈ.(ജി)ഭവനപദ്ധതി എസ്.സി.പി259/23 | 374000 | 0 |
| | 2022-23 | 406573 | പി.എം.എ.വൈ.(ജി) റ്റി.എസ്.പി)260/23 | 406573 | 0 |
| | ആകെ | 1060573 | | 1060573 | |

ഗ്രാമപഞ്ചായത്ത് വിഹിതമായി 860573 രൂപ ലഭിച്ചതായി റസീപ്റ്റ് & പേമെന്റ് പത്രികയിൽ കാണുന്നു. എന്നാൽ 1060573 രൂപ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ബ്ലോക്ക്പഞ്ചായത്ത് തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

2022-23 വർഷത്തെ ധനകാര്യ പത്രിക, 31/03/2023 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയില്ല.

4-6 സ്ഥിര നിക്ഷേപങ്ങൾ

2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

4-7 ഓഡിറ്റ് റിക്കവറി

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5 | 2004-05 | 2-1 | വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ആരംഭിച്ചില്ല | നടപടികൾ തുടരുന്നു. |
| 2002-03 | 3-2 | 2005-06 | 2-25-1 | അംഗീകാരമില്ലാത്ത SGRY പദ്ധതികൾക്ക് വകമാറ്റി മുൻകൂർ നൽകി | ,, |
| 2003-04 | 3-2 | 2005-06 | 2-25-2 | കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ | ,, |

| | | | | | |
|---|---|---|---|---|---|
| | | | | ക്രമക്കേടുകൾ | |
| 2004-05 | 3-2 | 2007-08 | 3-36-1 | യുവജന കായികക്ഷമതാ പരിപാടി-കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു | „ |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 120907760 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 101633954 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 107507952 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 120907760 |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | 106522 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46328 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25415527 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 106522/- | | വിജയകുമാർ എം എം, ഡ്രൈവർ |
| 3-1 | | 23164 | സബിത എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 23164 | ഷെറിൻ അമ്പിളി ജയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 106522/- | 46328/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 19722552 | ഫൈസൽ എസ്, ബ്ലോക്ക് പഞ്ചായത്ത് |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-15 | 5536522 | അജിത കെ എസ്, സി ഡി പി ഒ |
| 1-22 | 156453 | ഭരണസമിതി |
| ആകെ | 25415527 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിജയകുമാർ എം എം<br>ഡ്രൈവർ | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്<br>വടക്കേത്തറ പി ഒ<br>ഫഴയന്നൂർ | പുൽപറമ്പിൽ വീട്<br>തമ്പലക്കാട് പി ഓ<br>കാഞ്ഞിരപ്പള്ളി |
| സബിത എസ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | പറമ്പത്ത് , നീറികാട്<br>പി ഒ, കോട്ടയം |
| ഷെറിൻ അമ്പിളി ജയിംസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>മീനടം ഗ്രാമ പഞ്ചായത്ത്, | പതിരുപാറയിൽ,<br>നാട്ടകം പാക്കിൽ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/03/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(1)/2018/07.05.2018 | 13 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(2)/2018/07.05.2018 | 13 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(3)/2018/07.05.2018 | 05 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(4)/2018/07.05.2018 | 05 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(5)/2018/07.05.2018 | 03 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.കെ.പി13/791(5) /2013/04.09.2013 | - |
| 2011-12 | എൽ.എഫ്.കെ.പി13/718 /2013/11.10.2013/01.11.2013 | - |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(6)/2018/07.05.2018 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(7)/2018/07.05.2018 | 10 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(8)/2018/07.05.2018 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി15/205 /2019/07.05.2019 | 8 |
| 2017-18 Spl. Report | കെ.എസ്.എ-കെ.ടി.എം.പി15/932 /2019/24.08.2019 കെ.എസ്.എ-കെ.ടി.എം.പി2/172 /2018(5)/07.03.2018(CAR) | 18 3 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി15/1780 /19/28.01.2020/25.05.2020 | 23 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി15/777 /2022/10.10.2022 | 19 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി15/778 /2022/01.06.2022 | 41 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി15/404/2023 | 44 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 27-06-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanjirappally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanjirappally Block Panchayat for the year 2022-2023

Date: 15/09/2023

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kanjirappally Block Panchayat for the Year 2022-2023.

**1.Major Observations**

1.Generala Fund Details not maintained. Source data not available for the value of Total General fund on 31/03/2023.

2.Non-Disclosure of Assets â Assets not classified and Valuated.

3.Non-Disclosure of Capital Contribution- Capital Contribution Register and details not kept.

**2.Other Observations**

1.Deposits received Register is not kept.

2.Rent deposit details in Rent register does not match with Rent deposit value in balance sheet as on 31/03/2023.

3.Government and Other dues register is not kept.

4.Capital Work in Progress Details and Register are not kept-Details not disclosed.

5.Expenditure for medicine purchase accounted as maintenance expenditure

6.Prior Period Items are not authorised by Specific Notes on Accounts.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്